നവ കേരളം കർമപദ്ധതി
# നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2023 സെപ്റ്റംബർ വാല്യം 2 & ഒക്ടോബർ വാല്യം 1
ഓൺലൈൻ വായനയ്ക്ക്


## നവകേരളം കർമപദ്ധതി പ്രവർത്തനങ്ങളിൽ മുന്നേറ്റം



വികസന വിഷയങ്ങൾ താഴെ തട്ടിലേക്കിറങ്ങി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതിനുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെയും മന്ത്രിമാരുടെയും നേതൃത്വത്തിലുള്ള മേഖലാതല യോഗങ്ങളിൽ നവകേരളം കർമപദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി. ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, ആർദ്രം, വിദ്യാകിരണം മിഷൻ എന്നീ മിഷനുകളുടെ ഓരോ ജില്ലകളിലെയും പദ്ധതികളുടെ പുരോഗതിയും പരിഹാരം കാണേണ്ട വിഷയങ്ങളും പ്രത്യേകം പ്രത്യേകം ചർച്ച ചെയ്തു. സംസ്ഥാനത്ത് മാലിന്യ സംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി പുനഃസ്ഥാപനം, കാർഷിക മേഖല തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളിലെ പുരോഗതി ആശാവഹമാണെന്ന് യോഗങ്ങൾ പൊതുവെ വിലയിരുത്തുകയുണ്ടായി. ജലബജറ്റ്, നീർച്ചാൽ മാപത്തോൺ, നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ തുടങ്ങിയ സവിശേഷ പ്രവർത്തനങ്ങളും വസ്തുതാപരമായി വിലയിരുത്തി. മിഷൻ പ്രവർത്തനങ്ങളിൽ കൈവരിച്ചിരിക്കുന്ന മുന്നേറ്റം ശക്തമായി തുടരണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി. പുതിയ ഭരണ സംസ്കാരം സൃഷ്ടിക്കലാണ് മേഖലാതല യോഗങ്ങളിലൂടെ ഉദ്ദേശിച്ചതെന്ന് കോഴിക്കോട് നടന്ന നാലാമത്തെ മേഖലാതല യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു.



## ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം 'നീലക്കുറിഞ്ഞി' നാടിന് സമർപ്പിച്ചു



ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രങ്ങൾ ജൈവവൈവിധ്യങ്ങളുടെ അറിവ് നൽകുന്നതിനൊപ്പം അവയുടെ സംരക്ഷണത്തിന്റെ പ്രാധാന്യം കൂടിയാണ് ബോധ്യപ്പെടുത്തുന്നതെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. പശ്ചിമഘട്ടത്തിന്റെ ജൈവവൈവിധ്യ സവിശേഷതകളെ പരിചയപ്പെടുത്തി അടിമാലി ഗവ. ഹൈസ്കൂളിനോട് ചേർന്ന് ഒരുക്കിയിട്ടുള്ള 'നീലക്കുറിഞ്ഞി' ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് വിജ്ഞാന കേന്ദ്രം സജ്ജമാക്കിയത്. അടിമാലി ഗവ. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി. ബിനു അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പദ്ധതി വിശദീകരിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആർ. വിജയ നീലക്കുറിഞ്ഞി ബ്രോഷർ പ്രകാശനം ചെയ്തു. ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പി.ടി.എ., അധ്യാപകർ, വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങി നിരവധി പേർ പങ്കെടുത്തു.

നീലക്കുറിഞ്ഞി

കൂടുതൽ വാർത്ത പേജ് നം. 6 ൽ

## എഡിറ്റോറിയൽ

### കരുത്ത് പകർന്ന് മേഖലാതല അവലോകന യോഗങ്ങൾ



ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബഹു. മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നടന്ന മേഖലാതല അവലോകന യോഗങ്ങൾ നവകേരളം കർമപദ്ധതി പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകർന്നു നൽകുന്ന വയായിരുന്നു. വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ജന പങ്കാളിത്തം ഉറപ്പാക്കിയും ഹരിതകേരളം മിഷൻ നടത്തുന്ന വിവിധ പ്രവർത്തന ങ്ങൾക്ക് മേഖലാ യോഗങ്ങൾ ഉത്പ്രേരകമായി. പദ്ധതിപ്രവർത്തനങ്ങളുടെ വസ്തുതാപരമായ വിലയിരുത്തലുകളാണ് ഇതിലൂടെ നടന്നത് എന്നതും ശ്രദ്ധേയം.

പശ്ചിമഘട്ടത്തിന്റെ ജൈവ വൈവിധ്യ സവിശേഷതകളെ പരിചയപ്പെടുത്തി അടിമാലി ഗവ. ഹൈസ്കൂളിനോടു ചേർന്ന് ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ സഹക രണത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം 'നീലകുറിഞ്ഞി'യേയും ഏവരുടേയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്ര ഹിക്കുന്നു. നിരവധി വിസ്മയ കാഴ്ചകൾ ഒരുക്കിയിട്ടുള്ള ഈ കേന്ദ്രം പഠന വിനോദ യാത്രാ സംഘങ്ങൾക്ക് പ്രകൃതി സംരക്ഷ ണത്തിന്റെ പ്രാധാന്യം പകർന്നു നൽകും.

വരൾച്ച മുന്നിൽ കണ്ടുകൊണ്ട് ജല സംരക്ഷണ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു. തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ദ്വിദിന ശിൽപ്പശാലയിൽ ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകി. നീരുറവ് ജലസംരക്ഷണ പ്രവർത്തനങ്ങ ളും ഇതോടൊപ്പം നടപ്പാക്കണം. നെറ്റ് സീറോ കാർബൺ ദൗത്യത്തിൽ ഉൾപ്പെ ടുത്താവുന്ന ഊർജ്ജ സംരക്ഷണ പദ്ധതി കളെക്കുറിച്ച് കോർഗ്രൂപ്പ് അംഗങ്ങൾക്കും പരിശീലകർക്കുമായി നടത്തിയ ദ്വിദിന ശിൽപ്പശാലയും ഫലപ്രദമായി.

ഡോ. ടി.എൻ. സീമ
കോർഡിനേറ്റർ
നവകേരളം കർമപദ്ധതി

# ജല ലഭ്യതക്കനുസരിച്ച് വിനിയോഗവും ആസൂത്രണവും വേണം : മന്ത്രി റോഷി അഗസ്റ്റിൻ

സംസ്ഥാനത്തിന്റെ ജല ലഭ്യതക്ക് അനുസരിച്ചു ജലവിനിയോഗവും ഇത് സംബന്ധിച്ചുള്ള പദ്ധതി ആസൂത്രണവും ആവശ്യമാണെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. ഈ ദിശയിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് രാജ്യത്താദ്യമായി കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലബജറ്റ് തയ്യാറാക്കലിനു തുടക്കമിട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്ത് ലഭിക്കുന്ന ജലം നഷ്ടപ്പെടാതെ




പൂർണമായും പ്രയോജനപ്പെടുത്താനായാൽ നമ്മുടെ സംസ്ഥാ നത്തിന്റെ മിക്ക ഇടങ്ങളിലും ആവശ്യമായ ജലം ഇവിടെ തന്നെ ലഭിക്കുന്നുണ്ട് എന്നാണ് പൊതുവെ കണ്ടെത്തിയിരിക്കുന്നത്. കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായ ജലസംരക്ഷണ പ്രവർത്തന ങ്ങൾക്കാണ് ഹരിതകേരളം മിഷൻ നേതൃത്വം നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി സംഘടിപ്പിക്കുന്ന ജലസംരക്ഷണ സാങ്കേതിക സമിതി ശിൽപ്പശാല കോവളം വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചുരുങ്ങിയ സമയം കൊണ്ട് നിരവധി ജല സ്രോതസുകൾ സംസ്ഥാനത്ത് വീണ്ടെടുക്കാനായെന്നും എന്നാൽ അവയുടെ തുടർ സംരക്ഷണം സുപ്രധാനമാണെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പറഞ്ഞു. ഇതിനായി വിവിധ വകുപ്പുകളുടെയും ഏജൻസിയുടെ ശ്രമം ആവശ്യമാണ്. വരൾച്ച മുന്നിൽ കണ്ട് വൻ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള മുന്നൊരുക്കവും ആസൂത്രണവുമാണ് സംസ്ഥാനത്ത് നടന്നു വരുന്നത്.

മികച്ച ഉദ്യോഗസ്ഥ സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപന സംവിധാനവും ജനപങ്കാളിത്തവും ഹരിതകേരളം മിഷൻ ഉൾപ്പെടെയുള്ള വിവിധ മിഷനുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു കൊണ്ട് വരും തലമുറക്കും നാളേക്കുമുള്ള ശുദ്ധജലത്തിനായുള്ള കരുതൽ സാധ്യ മാക്കാനാകുമെന്ന് ശിൽപ്പശാലയിൽ പൊതു അഭിപ്രായമുണ്ടായി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ എ. നിസാമുദ്ദീൻ ഐ.എ.എസ്., പ്രോഗ്രാം ഓഫീസർ പി. ബാലചന്ദ്രൻ നായർ, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ പ്രിയേഷ് ആർ., കൃഷി വകുപ്പ് അസി. ഡയറക്ടർ അജോയ് സുകുമാരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സന്ദീപ് കെ.ജി., മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ രമേഷ് പി., ഭൂജല വകുപ്പ് സീനിയർ

ഹൈഡ്രോജിയോളജിസ്റ്റ് ലാൽതോംസൺ, ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർമാരായ എബ്രഹാം കോശി, ടി.പി. സുധാകരൻ, പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ നായർ തുടങ്ങിയവർ വിവിധ വിഷയങ്ങളെ അധികരിച്ച് ശിൽപ്പശാലയിൽ ക്ലാസ് നയിച്ചു.

കൃഷി, മണ്ണ്- പര്യവേക്ഷണം, ജലസേചനം, ഭൂജലം, MGNREGS, ഹരിതകേരളം മിഷൻ, ജല അതോറിറ്റി, തദ്ദേശ സ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളി ലെയും ഏജൻസികളിലെയും പ്രതിനിധികൾ ഉൾപ്പെടുന്ന ജലസംരക്ഷണ സാങ്കേതിക സമിതിയിലുള്ളവർ ശില്പശാലയിൽ പങ്കെടുത്തു. വരൾച്ച മുന്നിൽ കണ്ട് ജലസംരക്ഷണ പ്രവർത്തങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്തു നടപ്പാക്കാൻ ലക്ഷ്യമിട്ടായിരുന്നു ദ്വിദിന ശിൽപ്പശാല.

## പൊതുവിദ്യാഭ്യാസ രംഗത്തു കൈവരിച്ച നേട്ടങ്ങൾ കാത്തുസൂക്ഷിക്കണം: മന്ത്രി വി. ശിവൻകുട്ടി

പൊതുവിഭ്യാഭ്യാസ വകുപ്പിൽ കേരളം കൈവരിച്ചത് അഭിമാനകരമായ നേട്ടമാണെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. ഈ നേട്ടങ്ങൾ കാത്തു സൂക്ഷിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ കഠിനപ്രയത്നം നടത്തണം. വിദ്യാഭ്യാസ ഓഫീസർമാരുടെ സംസ്ഥാനതല ശില്പശാല തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.





സർക്കാർ നാല് മിഷനുകളെ പ്രഖ്യാപിച്ചപ്പോൾ അതിൽ ഒന്ന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആയിരുന്നു. ആ മിഷന്റെ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യവികസനത്തിൽ വൻകുതിച്ചുചാട്ടമാണ് ഉണ്ടായത്. ഭൗതിക സൗകര്യവികസനത്തിനു പുറമെ അക്കാദമിക ഗുണമേന്മയ്ക്കായുള്ള നടപടികൾക്ക് മുൻഗണന നൽകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ്, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ജയപ്രകാശ് ആർ.കെ, സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ. സുപ്രിയ എ.ആർ, വിദ്യാകിരണം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ ഡോ. സി. രാമകൃഷ്ണൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## ആർദ്രം ആരോഗ്യം: ആശുപത്രി വികസനം നേരിട്ട് വിലയിരുത്താൻ മന്ത്രി വീണാ ജോർജ്

സംസ്ഥാനത്തെ എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് സന്ദർശനം നടത്തി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്ന 'ആർദ്രം ആരോഗ്യം' പരിപാടിക്ക് തുടക്കമായി. അതത് ജില്ലകളിലെ എംഎൽഎമാർ, മറ്റ് ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ സന്ദർശനത്തിൽ മന്ത്രിയോടൊപ്പമുണ്ടാകും.

ഓരോ ആശുപത്രിയിലും നടക്കുന്ന വികസനപ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്താനും പോരായ്മകൾ പരിഹരിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കാനും ഇതിലൂടെ സാധിക്കും. എല്ലാ ദിവസവും വൈകുന്നേരം എം.എൽ.എ.മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അവലോകന യോഗവും



ജില്ലയിൽ നടക്കും. ജനകീയ പങ്കാളിത്തത്തോടെ ആർദ്രം മിഷൻ ലക്ഷ്യങ്ങൾ പൂർണമായി യാഥാർത്ഥ്യമാക്കാനാണ് പരിശ്രമിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

## ലൈഫ് : പാലക്കാട് ഇതുവരെ 24,815 വീടുകൾ പൂർത്തീകരിച്ചു

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഏഴ് വർഷത്തിൽ പാലക്കാട് ജില്ലയിൽ ഇതുവരെ 24,815 വീടുകൾ പൂർത്തീകരിച്ചു. മൂന്നാം ഘട്ടത്തിൽ (വീടും സ്ഥലവുമില്ലാത്തവർ) 5352 അപേക്ഷകളിൽ 3126 പേർ എഗ്രിമെന്റ് വച്ചു. ഇതിൽ 2601 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഒന്നാം ഘട്ടത്തിൽ (പാതി വഴിയിൽ നിർമ്മാണം നിന്നുപോയ വീടുകളുടെ പൂർത്തീകരണം) 8076 വീടുകളാണ് ഉള്ളത്. ഇതിൽ 7722 എണ്ണം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ (സ്ഥലമുള്ള വീടില്ലാത്തവർ) 14,978 അപേക്ഷകളിൽ 14,787 പേർ എഗ്രിമെന്റ് വച്ചതിൽ 14,492 വീടുകളുടെ നിർമ്മാണം പൂർത്തിയായി.

# ഹരിത കർമസേനയ്ക്കൊപ്പം ഒരു ദിനം ക്യാമ്പയിൻ മന്ത്രി മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് കോർപ്പറേഷന്റെ ഹരിത കർമസേനയ്ക്കൊപ്പം ഒരു ദിനം ക്യാമ്പയിൻ പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. ഹരിത കർമസേനയ്ക്കൊപ്പം വീടുകൾ കയറി ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഡിവിഷൻ 25 കോട്ടൂളിയിൽ നടന്ന പരിപാടിയിൽ കോർപ്പറേഷൻ ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷ ഡോ. എസ്. ജയശ്രീ, നഗരസഭ ഹെൽത്ത് ഓഫീസർ ഇൻ ചാർജ്



കെ. പ്രമോദ്, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാർ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

നഗരത്തിലെ 75 വാർഡുകളിലും അതാത് വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ക്യാമ്പയിൻ നടത്തിവരികയാണ്. കോർപ്പറേഷൻ പരിധിയിൽ വാതിൽപ്പടി സേവനം 100% ആക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്യാമ്പയിൻ നടത്തുന്നത്. 100% മാലിന്യ വിമുക്ത നഗരമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനത്തിൽ മുഴുവൻ ജനങ്ങളുടേയും സഹകരണം ഉണ്ടാവണമെന്ന് മേയർ ഡോ. ബീന ഫിലിപ്പ് അറിയിച്ചു.



പ്ലാസ്റ്റിക് ഫ്രീ കാമ്പസ് എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ SVHSS ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ ഗാന്ധിജയന്തി ദിനത്തിൽ സ്കൂളും പരിസരവും വൃത്തിയാക്കി മാലിന്യം വേർതിരിച്ച് ഹരിത കർമസേനാംഗങ്ങൾക്ക് കൈമാറി. ചടങ്ങ് പാലമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി. വിനോദ് ഉദ്ഘാടനം ചെയ്തു.

# വിദ്യാലയ അടിസ്ഥാന സൗകര്യം: മലപ്പുറത്ത് ചെലവഴിച്ചത് 726 കോടി രൂപ – മന്ത്രി വി. അബ്ദുറഹിമാൻ



മലപ്പുറം ജില്ലയിൽ മാത്രം വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 726 കോടി രൂപയാണ് കഴിഞ്ഞ ഏഴ് വർഷത്തിനിടെ സർക്കാർ ചെലവഴിച്ചതെന്ന് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാകിരണം പദ്ധതി പ്രകാരം കിഫ്ബി ധനസഹായത്തോടെ ഏഴൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നിർമിക്കുന്ന ഹയർ സെക്കൻഡറി കെട്ടിടത്തിന്റെ ശിലാസ്ഥാപനവും സുവർണ ജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് തന്നെ ഏറ്റവും നല്ല വിദ്യാഭ്യാസ സമ്പ്രദായം നിലനിൽക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറാൻ കഴിഞ്ഞത് വിദ്യാഭ്യാസ മേഖലയിലെ പങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങൾ കൊണ്ടാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിപാടിയിൽ കുറുക്കോളി മൊയ്തീൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ പൂങ്കോട് കുളത്തിന് ചുറ്റും പച്ചത്തുരുത്ത്



നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ പച്ചത്തുരുത്ത് ഒരുങ്ങുന്നു. 2023 സെപ്തംബർ 18 ന് ഐ.ബി. സതീഷ് എം.എൽ.എ പദ്ധതി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. വത്സല കുമാരി അധ്യക്ഷത വഹിച്ചു. നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ മുഖ്യപ്രഭാഷണം നടത്തി. മലയിൻകീഴ് ഗ്രാമപഞ്ചായത്ത്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവരുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ പുറമ്പോക്കു ഭൂമിയായ 50 സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് ഒരുക്കുന്നത്. സ്ഥലത്ത് നിലവിലുള്ള പൂങ്കോട് കുളത്തിന് ചുറ്റുമായി ഒരുക്കുന്ന പച്ചത്തുരുത്തിൽ ഫലവൃക്ഷതൈകളായ നെല്ലി, പേര, ചാമ്പ, മാവ്, പ്ലാവ്, സപ്പോട്ട, ഔഷധ സസ്യങ്ങൾ, വംശനാശ ഭീഷണി നേരിടുന്ന അപൂർവയിനം സസ്യങ്ങളായ വെള്ളക്കുന്തിരിക്കം, മലമാവ്, കമ്പകം, ഉണ്ടപൈൻ, ചോരപൈൻ തുടങ്ങിയവയാണ് നട്ടുപിടിപ്പിക്കുന്നത്. പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ പ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ലൈഫ് : ഈ ഓണക്കാലത്ത് ആലപ്പുഴ ജില്ലയിൽ 242 കുടുംബങ്ങൾ പുതിയ വീട്ടിൽ താമസമായി

സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട പദ്ധതിയിലൂടെ ഓണക്കാലത്ത് ആലപ്പുഴ ജില്ലയിൽ 242 കുടുംബങ്ങൾ പുതിയ വീടുകളിലേക്ക് താമസം മാറി. മുഴുവൻ ഭവനരഹിതർക്കും വീട് നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ് മിഷൻ. ലൈഫിലൂടെ ജില്ലയിൽ ഇതുവരെ 15,546 വീടുകളാണ് പൂർത്തിയാക്കിയത്. 8940 വീടുകളുടെ നിർമാണം പുരോഗമിക്കുകയാണ്.

നാല് ലക്ഷം രൂപയാണ് ഒരു വീടിനായി നൽകുന്നത്. 624.84 കോടി രൂപ ചെലവഴിച്ചാണ് ജില്ലയിൽ 15,546 വീടുകൾ നിർമിച്ചത്. പൊതുവിഭാഗത്തിൽ 10,293 ഗുണഭോക്താകൾക്കും 1654 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 3384 പട്ടികജാതി ഗുണഭോക്താക്കൾക്കും 190 പട്ടികവർഗ ഗുണഭോക്താക്കൾക്കും 25 അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർക്കും വീടുകൾ ലഭിച്ചു.



## വിദ്യാകിരണം : ഏഴ് വർഷം; പാലക്കാട് നവീകരിച്ചത് 61 സ്കൂൾ കെട്ടിടങ്ങൾ

പാലക്കാട് ജില്ലയിൽ  ഏഴ് വർഷത്തിൽ 61 സ്കൂൾ കെട്ടിടങ്ങളുടെ നവീകരണം പൂർത്തിയായി. വിദ്യാകിരണം മിഷന്റെ കീഴിലാണ് സ്കൂൾ കെട്ടിടങ്ങൾ നവീകരിച്ചത്. അഞ്ച് കോടിയിൽ 12, മൂന്ന് കോടിയിൽ 10, ഒരു കോടിയിൽ 21 എന്നിങ്ങനെയാണ് സ്കൂൾ കെട്ടിടങ്ങൾ നവീകരിച്ചത്. ക്ലാസ് മുറികൾ, ലാബ്, ശുചിമുറി ബ്ലോക്ക്, അടുക്കള, മീറ്റിങ് ഹാൾ, സെമിനാർ ബ്ലോക്ക്, ട്രസ് വർക്കുകൾ തുടങ്ങിയ നവീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കിയത്.  പ്ലാൻ ഫണ്ട് ഉപയോഗിച്ച് 18 സ്കൂൾ കെട്ടിടങ്ങളും നവീകരിച്ചു. ഓരോ കോടി രൂപ വിനിയോഗിച്ച് എട്ട് ക്ലാസ് മുറികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളാണ് സ്കൂളുകളിൽ സജ്ജമാക്കിയത്. ഇതിനുപുറമെ സിഡ്കോ സഹായത്തോടെ 50 ലക്ഷം രൂപ ചെലവഴിച്ച് മാതൃകാ സയൻസ് ലാബുകളും സജ്ജമാക്കി.

# നൂറിൽ നൂറ് നേട്ടം; ഹരിത കർമസേനയെ ആദരിച്ചു



നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എന്റെ വാർഡ് നൂറിൽ നൂറ് കാമ്പയിനിന്റെ ഭാഗമായി നൂറ് ശതമാനം വാതിൽപ്പടി ശേഖരണവും നൂറ് ശതമാനം യൂസർ ഫീയും കൈവരിച്ച വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ 5,6 വാർഡുകളിലെ ഹരിത കർമസേന അംഗങ്ങളെ അനുമോദിച്ചു. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അംബിക ഷാജി ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആമിന സത്താർ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു ഹരിത കർമസേനയ്ക്കുള്ള അനുമോദന പത്രം കൈമാറി.

# ആർദ്രം : പാലക്കാട് ജില്ലയിൽ 79 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി

പാലക്കാട് ജില്ലയിൽ ആർദ്രം മിഷനിലൂടെ മൂന്ന് ഘട്ടത്തിലായി 79 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. ഇതിൽ 66 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ബാക്കിയുള്ളവയുടെ പണി പുരോഗമിക്കുന്നു. രണ്ട് ഘട്ടങ്ങളിലായി 14 കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. ഇതിൽ ആറെണ്ണം പൂർത്തിയായി. പൊതുജനങ്ങൾക്ക് പ്രാദേശികതലത്തിൽ മികച്ച ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആരോഗ്യ മിഷന് കീഴിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളുമായാണ് ഉയർത്തുന്നത്.

# വിജ്ഞാന വിസ്മയമൊരുക്കി അടിമാലിയിലെ 'നീലക്കുറിഞ്ഞി'















ഹരിതകേരളം മിഷനും ഇടുക്കി ജില്ലാ പഞ്ചായത്തും സംയുക്തമായാണ് നവകേരളം കർമപദ്ധതിയുടെ ഭാഗമായി അടിമാലി ഗവ. ഹൈസ്കൂളിനോട് ചേർന്ന് ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം ഒരുക്കിയിട്ടുള്ളത്. മൂന്നാറിലും പരിസര പ്രദേശങ്ങളിലും എത്തുന്ന സന്ദർശകർക്ക് പ്രദേശത്തെ ജൈവവൈവിധ്യ സവിശേഷതകളെക്കുറിച്ച് അറിവ് പകർന്നു നൽകുകയാണ് നീലക്കുറിഞ്ഞി പദ്ധതിയുടെ ലക്ഷ്യം. ത്രീഡി മോഡലുകൾ, മാപ്പുകൾ, ഇൻഫർമേഷൻ ഡിസ്പ്ലേകൾ, ഓഡിയോ വിഷ്വൽ യൂണിറ്റുകൾ, ഇന്ററാക്ടീവ് കിയോസ്കുകൾ, ഛായാ ചിത്രങ്ങൾ തുടങ്ങിയവ ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രാദേശിക ഗോത്ര സംസ്കാരത്തെക്കുറിച്ചുള്ള അറിവ് പകർന്നു നൽകുന്ന ജൈവവൈവിധ്യ കേന്ദ്രത്തിന്റെ സേവനം പഠന-വിനോദയാത്രികർക്ക് പ്രയോജനപ്പെടും. രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് നീലക്കുറിഞ്ഞി കേന്ദ്രത്തിന്റെ പ്രവർത്തന സമയം. തിങ്കളാഴ്ച അവധിയായിരിക്കും. കുട്ടികൾക്ക് 10 രൂപയും മുതിർന്നവർക്ക് 20 രൂപയുമാണ് ടിക്കറ്റ് നിരക്ക്. ജീവസുറ്റ ത്രിമാന മാതൃകകളും മുള കൊണ്ട് നിർമിച്ച ഗേറ്റും മുള കൈവരികളും പുല്ല് മേഞ്ഞ കുടിൽ മാതൃകയിൽ നിർമിച്ച പ്രവേശന കവാടവും ജൈവവൈവിധ്യ കേന്ദ്രത്തിലെത്തുന്ന സന്ദർശകർക്ക് പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം പകർന്ന് നൽകും. പ്രവേശന കവാടം പിന്നിട്ട് ചെല്ലുന്നത് ഭീമൻ ചിതൽ പുറ്റിലേക്കാണ്. ചിതൽപുറ്റിനുള്ളിലൂടെ നിർമിച്ചിരിക്കുന്ന തുരങ്കം ഇറങ്ങിചെല്ലുന്നത് ജൈവ വൈവിധ്യങ്ങളുടെ അറിവ് പകരുന്ന ലോകത്തേക്കാണ്. ഉയർന്ന പ്രദേശങ്ങളിലെ പരിസ്ഥിതി, നിത്യ ഹരിതവനങ്ങൾ, മലമുഴക്കി വേഴാമ്പൽ, രാജമലയിലെ പാറക്കെട്ടുകളുടെയും വരയാടുകളുടെയും മലയണ്ണാന്റെയും ത്രിമാന മാതൃകകൾ തുടങ്ങി നിരവധി വിസ്മയ കാഴ്ചകളാണ് ജൈവവൈവിധ്യ കേന്ദ്രത്തിൽ സന്ദർശകരെ കാത്തിരിക്കുന്നത്. ആദിവാസി ഗോത്രജീവിതത്തിന്റെ സവിശേഷതകൾ തൊട്ടറിയാൻ കഴിയുംവിധത്തിൽ അത്യന്തം സൂഷ്മതയോടെ സജ്ജീകരിച്ച









മുതുവാൻ വിഭാഗത്തിന്റെ വീടും ദൈനംദിനാവശ്യങ്ങൾക്കുപയോഗിക്കുന്ന കുട്ട, മുറം, ചെല്ലം, പരമ്പ്, മുളകര കല്ല്, തിരികല്ല്, മീൻകൂട തുടങ്ങി വിവിധയിനം വീട്ടുപകരണങ്ങളും ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിലെ പ്രധാന ആകർഷണമാണ്. ഗോത്രജീവിതത്തെക്കുറിച്ച് കൂടുതലറിയാൻ സഹായിക്കുന്ന പാനലുകളും സുസ്സജ്ജമാണ്.


## ത്രിമാന ഭൂപടം

ഇടമലക്കുടി, മീശപ്പുലിമല, ഇരവികുളം ദേശീയോദ്യാനം, വട്ടവട, മറയൂർ, മാങ്കുളം, ചിന്നാർ, കുറിഞ്ഞിമല, പാമ്പാടുംചോല, മതികെട്ടാൻചോല തുടങ്ങി മൂന്നാറിലെ 15 ജൈവ വൈവിധ്യ ഹോട്ട്സ്പോട്ടുകളുടെ സ്ഥാനം കൃത്യമായി രേഖപ്പെടുത്തിയ ത്രിമാന ഭൂപടം ഇവിടെയുണ്ട്. ഈ ഭൂപടത്തിനു ചുറ്റിലും ക്രമീകരിച്ചിട്ടുള്ള പാനലുകളിൽ നിന്നും ഈ പ്രദേശങ്ങളെ സംബന്ധിച്ച അധിക വിവരങ്ങൾ മനസിലാക്കാം.



## വിജ്ഞാനം പകരുന്ന ഡിസ്പ്ലേകൾ

മൂന്നാറിന്റെ സമൃദ്ധവും സമ്പന്നവുമായ ജൈവവൈവിധ്യത്തിലേയ്ക്ക് വാതിൽ തുറക്കുന്ന 25 ഡിസ്‌പ്ലേ പാനലുകൾ ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. ആവാസ വ്യവസ്ഥാ വൈവിധ്യം, കാർഷിക ജൈവവൈവിധ്യം,




സാംസ്കാരിക സമ്പന്നത, നിർബന്ധമായും കണ്ടിരിക്കേണ്ട പ്രദേശങ്ങൾ തുടങ്ങിയവ വിശദമായി പ്രതിപാദിക്കുന്നവയാണിവ.

## ടച്ച് സ്ക്രീൻ കിയോസ്കുകൾ

സന്ദർശകർക്ക് സ്വയം പ്രവർത്തിപ്പിക്കാൻ കഴിയുന്ന രണ്ട് ഇന്ററാക്ടീവ് ടച്ച് സ്ക്രീൻ കിയോസ്കുകൾ കേന്ദ്രത്തിലൊരുക്കിയിട്ടുണ്ട്. ഈ സ്ക്രീൻ കിയോസ്കുകളിലുള്ള 50



വീഡിയോകൾ, പ്രശ്നോത്തരികൾ, ഗെയിമുകൾ തുടങ്ങിയവയിലൂടെ മൂന്നാർ ഭൂപ്രദേശത്തിന്റെ വൈവിധ്യത്തെക്കുറിച്ചും സംസ്കൃതിയെക്കുറിച്ചും ഉത്തരവാദിത്തപൂർണമായ വിനോദസഞ്ചാരത്തിന്റെ ആവശ്യകതയെകുറിച്ചും സന്ദർശകർക്ക് ഉൾക്കാഴ്ച നൽകുന്നു.

## വിസ്മയമൊരുക്കി ഛായാ ചിത്രങ്ങൾ

മൂന്നാർ ഭൂപ്രകൃതിയിൽ കാണപ്പെടുന്ന വിവിധ സസ്യങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ, തുടങ്ങിയവയുടെ ജീവൻ തുടിക്കുന്ന ഛായാ ചിത്രങ്ങളാണ് ജൈവ വൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ പുറംചുവരുകളെ അലങ്കരിച്ചിരിക്കുന്നത്. സസ്തനികൾ, മനോഹരങ്ങളായ പക്ഷികൾ, അപൂർവ ഉരഗങ്ങൾ, ഉഭയജീവികൾ, വിവിധയിനം ചിത്രശലഭങ്ങൾ, അപൂർവ തുമ്പികൾ, ഓർക്കിഡുകൾ, ബാൽസമുകൾ തുടങ്ങി അനേകം സസ്യജന്തുജാലങ്ങളുടെ ജീവൻ തുടിക്കുന്ന ചിത്രങ്ങൾ മൂന്നാറിന്റെ നേരനുഭവം പകർന്നു നൽകും.



# നെറ്റ്സീറോ കാർബൺ കേരളം ജനങ്ങളിലൂടെ സംസ്ഥാനതല ദ്വിദിന പരിശീലനം

ഹരിതകേരളം മിഷനും എനർജി മാനേജ്മെന്റ് സെന്ററും ചേർന്ന് നെറ്റ് സീറോ കാർബൺ കേരളം ദൗത്യത്തിൽ ഉൾപ്പെടുത്താവുന്ന ഊർജസംരക്ഷണ പദ്ധതികളെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന പരിശീലകർക്ക് ദ്വിദിന ശിൽപ്പശാലയും പരിശീലനവും സംഘടിപ്പിച്ചു. പഞ്ചായത്ത് തലത്തിൽ നെറ്റ് സീറോയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാവുന്ന പദ്ധതികൾക്ക് രൂപം നൽകുന്നതിനും അതിനുള്ള പരിശീലകർക്ക് പരിശീലനം നൽകുന്നതിനുമാണ് ശില്പശാല സംഘടിപ്പിച്ചത്. എല്ലാ ജില്ലകളിൽ നിന്നുമുള്ള കോർ ഗ്രൂപ്പ് മെമ്പർമാരും പരിശീലകരും പരിപാടിയിൽ പങ്കെടുത്തു. ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ പരിപാടിയിൽ പങ്കെടുക്കുന്നവരുമായി ചർച്ച നടത്തി.



ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ഹരിത കേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ സഞ്ജീവ് എസ്.യു, നവകേരളം കർമപദ്ധതി പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ നായർ എന്നിവരും ശിൽപ്പശാലയിൽ പങ്കെടുത്തു.

## ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം

ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്, ചോറ്റാനിക്കര എറണാകുളം ബസ്സ്റ്റോപ്പിന് സമീപം പണി കഴിപ്പിച്ചിട്ടുള്ള ടേക്ക് എ ബ്രേക്കിന്റെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ്




മന്ത്രി എം.ബി.രാജേഷ് നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം.ആർ. രാജേഷ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി, ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഹരിത കർമസേന അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, അംഗനവാടി വർക്കർമാർ, പൊതുജനങ്ങൾ, നവകേരളം കർമപദ്ധതി ആർ.പി. തുടങ്ങിയവർ പങ്കെടുത്തു. ശുചിമുറിയോട് ചേർന്നു വിശ്രമമുറി, ഫീഡിങ് റൂം, കോഫി ഷോപ്പ് എന്നീ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

## പയ്യോളി നഗരസഭയിൽ ആർ.ആർ.എഫ്.

നഗരസഭയിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. നഗരസഭ ചെയർമാൻ വടക്കയിൽ ഷഫീക്ക് ഉദ്ഘാടനം ചെയ്ത ചടങ്ങിന് വൈസ് ചെയർപേഴ്സൺ സി.പി. ഫാത്തിമ അദ്ധ്യക്ഷത വഹിച്ചു.

തീരദേശത്ത് 36 ാം വാർഡിൽ കോട്ടക്കടപ്പുറത്താണ് ആർ.ആർ.എഫ്. നിർമിച്ചത്. 1.23 കോടി രൂപയുടേതാണ് ആർ.ആർ.എഫ് പദ്ധതി.

3500 ചതുരശ്രയടി വിസ്തീർണത്തിലാണ് ആർ.ആർ.എഫ്. സെന്റർ. യുഎൽസിസിഎസാണ് കെട്ടിടം നിർമിച്ചത്. അജൈവ പാഴ്വസ്തുക്കൾ തരം തിരിക്കാനും സൂക്ഷിക്കാനും ഗ്രിൽസ് ഉപയോഗിച്ച മുറികൾ പ്രത്യേകം സജ്ജീകരിച്ചിട്ടുണ്ട്. ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഓഫീസ് മുറി, വിശ്രമ മുറി, ഡൈനിംഗ് റൂം, ടോയ്ലെറ്റ് എന്നിവ പ്രത്യേകം തയാറാക്കിയിട്ടുണ്ട്. ഹരിത കർമസേന അവലോകന യോഗങ്ങൾ ചേരാനും ഇവിടെ സൗകര്യമുണ്ട്.

സംസ്ഥാന സർക്കാരിന്റെ 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിന്റെ രണ്ടാം ഘട്ടത്തിൽ വിദ്യാർത്ഥി യുവ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കോളേജ് വിദ്യാർഥികൾക്കായി തൃശൂർ ജില്ലയിലെ യുവജനസദസ് ജില്ല യൂത്ത് കോർഡിനേറ്റേഴ്സിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ IES എഞ്ചിനീയറിങ് കോളേജ് ചിറ്റിലപ്പിള്ളിയിൽ നടന്നു.



# ഹരിതപ്രഭയിൽ കന്നി പെരുന്നാൾ

കോതമംഗലം ചെറിയ പള്ളിയിലെ കന്നിപെരുന്നാൾ ഇക്കുറി ഹരിതചട്ടം പാലിച്ചു നടന്നു. സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 4 വരെയായിരുന്നു ആഘോഷം.

കോതമംഗലം മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ മാർത്തോമൻ ചെറിയ പള്ളി, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, എംബിറ്റ്സ് കോളേജിലെ എൻ.എൻ. എസ്. യൂണിറ്റുകൾ, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെയാണ് ലക്ഷക്കണക്കിനാളുകൾ



പങ്കെടുത്ത പെരുന്നാൾ ആഘോഷങ്ങളിൽ ഹരിതചട്ടം നടപ്പിലാക്കിയത്. പെരുന്നാളിന്റെ മുന്നോടിയായി 500 ഇൽ അധികം വരുന്ന NSS വോളന്റിയേഴ്സും ഹരിത കർമസേന അംഗങ്ങൾക്കും സന്നദ്ധ പ്രവർത്തകർക്കും ഹരിതകേരളം മിഷന്റെയും മുനിസിപ്പാലിറ്റിയുടെയും നേതൃത്വത്തിൽ പരിശീലനം നൽകിയിരുന്നു. ആരോഗ്യ പ്രവർത്തകർ, വോളന്റിയർസ്, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ ആർ.പി. മാർ എന്നിവരുടെ നേതൃത്വത്തിൽ കടകൾ കേറി ഹരിത പെരുമാറ്റച്ചട്ടം വിശദീകരിക്കുകയും പെരുന്നാളിനോട് അനുബന്ധിച്ച് നടത്തിയ പരിശോധനയിൽ പ്ലാസ്റ്റിക് കവറുകളും ഡിസ്പോസിബിൾ ഗ്ലാസുകളും പിടിച്ചെടുക്കുകയും ചെയ്തു.

തീർത്ഥാടകർ എത്തിച്ചേരുന്ന കോതമംഗലത്തെ വിവിധ സ്ഥലങ്ങളിൽ ജൈവ അജൈവ വസ്തുക്കൾ നിക്ഷേപിക്കുന്നതിനുള്ള പ്രത്യേക ബിന്നുകൾ സ്ഥാപിക്കുകയും നിർദേശങ്ങൾ അടങ്ങിയ ബാനറുകൾ വ്യപകമായി സ്ഥാപിക്കുകയും ചെയ്തിരുന്നു.

# തുമ്പമൺ ഗ്രാമപഞ്ചായത്ത് - ഹരിത കർമസേനയുടെ നേതൃത്വത്തിൽ പൂ കൃഷി

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗവൺമെന്റ് യു.പി. സ്കൂൾ ഹരിത കർമസേനയുടെ പുതിയ സംരംഭമായ പുഷ്പ കൃഷിക്ക് തുടക്കമായി. 26 ഹരിത കർമസേന അംഗങ്ങൾ നേതൃത്വത്തിൽ ആണ് പുഷ്പ കൃഷി ചെയ്യുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം നിലമൊരുക്കുകയും കൃഷിഭവന്റെ സഹായത്തോടെ വിത്തുകൾ ലഭ്യമാക്കുകയും ചെയ്തു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ നിന്നു ലഭിക്കുന്ന വരുമാനത്തോടൊപ്പം മറ്റു പ്രവർത്തനങ്ങളിലൂടെ വരുമാനം ലഭിക്കണം എന്ന ലക്ഷ്യത്തോടെയാണിത്. പഞ്ചായത്ത് പ്രസിഡന്റ് റോണി സക്കറിയ ചടങ്ങിന് അധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പോൾ രാജൻ ഉദ്ഘാടനം നിർവഹിച്ചു.



# പകൽകുറി സ്കൂളിൽ പച്ചത്തുരുത്ത്



ഗാന്ധിജയന്തി ദിനത്തിൽ തിരുവനന്തപുരം ജില്ലയിലെ പകൽക്കുറി സ്കൂളിൽ വി.എച്ച്.എസ്.ഇ.യിലെ എൻ.എസ്. എസ്. യൂണിറ്റിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ സ്കൂൾ അങ്കണത്തിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ സഹായത്തോടെ നിർമിച്ച പച്ചത്തുരുത്ത് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബി.പി. മുരളി സ്കൂളിന് സമർപ്പിച്ചു. പച്ചപ്പ് പുനഃസൃഷ്ടിക്കുന്ന അതിജീവനത്തിന്റെ ചെറു വനങ്ങളാണ് പച്ചത്തുരുത്തുകൾ. വിവിധയിനം പ്രകൃതി സംരക്ഷണ വൃക്ഷലതാദികൾ വച്ചു പിടിപ്പിച്ച് ആവാസ വ്യവസ്ഥ പുനഃസൃഷ്ടിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

# പള്ളിക്കലിൽ ഔഷധസസ്യ പച്ചത്തുരുത്ത്



പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പുതിയ ഔഷധ പച്ചത്തുരുത്ത് ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുശീല കുഞ്ഞമ്മ കുറുപ്പ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ അനിൽ കുമാർ ജി. മുഖ്യാതിഥിയായി. ഒന്നാം വാർഡിലെ ആയുർവേദ ആശുപത്രിയോട് ചേർന്ന 7 സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് നിർമിച്ചിരിക്കുന്നത്. ഇവിടെ ആര്യവേപ്പ്, നീർമാതളം, വേങ്ങ, ഇത്തി, ഏകനായകം, രുദ്രാക്ഷം, അമ്പഴം, ചന്ദനം, പാതിരി, അശോകം, ഞാവൽ, മണിമരുത്, കാഞ്ഞിരം, കൂവളം, നെല്ലി, രക്തചന്ദനം, ഉങ്ങ്, ദന്തപാല, മഞ്ഞൾ, ചെമ്പരത്തി, പുന്ന, ചെറു തേക്ക് തുടങ്ങി 70 ഓളം മരങ്ങൾ ഉണ്ട് 40 ഓളം തൈകളും ഉണ്ട്.

# പത്തനംതിട്ട ജില്ലയിലെ 640 നീർച്ചാലുകളുടെ മാപിംഗ് പൂർത്തീകരിച്ചു



പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്കിലെ നാറാണംമൂഴി, വടശ്ശേരിക്കര, പെരുനാട് ഗ്രാമപഞ്ചായത്തുകളിലായി 640 നീർച്ചാലുകളുടെ മാപിംഗ് പൂർത്തീകരിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ റീ ബിൽഡ് കേരളയുടെ സഹായത്തോടെ നടപ്പാക്കുന്ന മാപത്തോൺ പ്രവർത്തനങ്ങൾ പത്തനംതിട്ട ജില്ലയിൽ മലയാലപ്പുഴ, മൈലപ്ര, പ്രമാടം, കോന്നി, അരുവാപ്പുലം, റാന്നി, റാന്നി പഴവങ്ങാടി, നാറാണംമൂഴി, വടശ്ശേരിക്കര, പെരുനാട്, വെച്ചൂച്ചിറ, നാറാണംമൂഴി, ചിറ്റാർ എന്നീ 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇതുവരെ പൂർത്തിയാക്കി. മാപത്തോൺ പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാപത്തോൺ അവതരണം നടത്തും.

## ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം

ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം - ക്യാമ്പയിന്റെ ഭാഗമായി സെപ്റ്റംബർ 23 ന് കണ്ണൂർ ജില്ലയിലെ എം.വി.എം. കെ.വി. നമ്പീശൻ മെമ്മോറിയൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, മാത്തിൽ ലെ SPC, JRC, സ്കൗട്ട്സ്, ഗൈഡ്സിന് മാലിന്യമുക്ത ക്യാമ്പസ് എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് നടന്നു. തുടർന്ന് സ്കൂൾ കോമ്പൗണ്ട് ശുചീകരിച്ചു. ചടങ്ങ് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും PTA പ്രസിഡന്റുമായ സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ, ഹെഡ് മാസ്റ്റർ, ചാർജ് ഓഫീസർമാർ, കൺസോർഷ്യം പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# വെട്ടത്തൂർ ഗവ. എൽ.പി.എസ്സിൽ ഒറ്റവറ്റും കളയാതെ



സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായുണ്ടാകുന്ന മാലിന്യം മിക്ക വിദ്യാലയങ്ങൾക്കും വലിയ പ്രശ്നമാണ്. എന്നാൽ ഈ വിഷയത്തിൽ മറ്റു സ്കൂളുകൾക്കുകൂടി അനുകരിക്കാവും വിധം വെട്ടത്തൂർ ഗവ. എൽ.പി. സ്കൂൾ പരിഹാര മാതൃക തീർക്കുകയാണ്. ഒറ്റവറ്റും കളയാതെ എന്ന പദ്ധതിയിലൂടെയാണ് ഇത് സാധ്യമാകുന്നത്. കുട്ടികൾ വാങ്ങുന്ന ഭക്ഷണം ഒറ്റവറ്റു പോലും കളയാതെ കഴിക്കുന്നു. ഇത് പരിശോധിക്കാൻ വളന്റിയർമാരുണ്ട്. കറിവേപ്പില, മുളക്, തക്കാളിത്തോൽ തുടങ്ങി അവശേഷിക്കുന്നവ പ്രത്യേകം ബക്കറ്റിൽ നിക്ഷേപിക്കും. അതോടെ ഭക്ഷണ മാലിന്യം പ്രശ്നമല്ലാതായി. മാത്രമല്ല ഭക്ഷണത്തിന്റെ മൂല്യവും പ്രാധാന്യവും കഴിക്കുന്നിടത്തെ വൃത്തിയും ശുദ്ധിയും ഇതൊക്കെ ശീലമാവുന്നു. ഉപയോഗിക്കാത്ത പച്ചക്കറി ഭാഗങ്ങൾ ചെടികൾക്ക് വളമാക്കിയും കഞ്ഞിവെള്ളം ക്ഷീരകർഷകർക്ക് നൽകിയും പദ്ധതി മാതൃക തീർക്കുകയാണ്.

# വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ശുചിത്വോത്സവം

ഓരോ വിദ്യാലയവും ഹരിത വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ശുചിത്വോത്സവത്തിന് എറണാകുളം ജില്ലയിലെ വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ തുടക്കമായി. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം പി.വി. ശ്രീനിജിൻ എം.എൽ.എ. നിർവഹിച്ചു. നവകേരളം കർമപദ്ധതി, ഹരിതകേരളം മിഷൻ, ജില്ലാ വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി, കില എന്നിവയുടെ നേതൃത്വത്തിൽ ജില്ലയിൽ പദ്ധതി നടപ്പാക്കുന്ന 'ഹരിത സമൃദ്ധം- ഹരിത വിദ്യാലത്തിലേക്കൊരു ഹരിത ചുവട്' പദ്ധതിയുടെ ഭാഗമായാണ് ശുചിത്വോത്സവം സംഘടിപ്പിക്കുന്നത്.



പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എൽ.പി., യു.പി. വിഭാഗം കുട്ടികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ.കെ. അശോക് കുമാർ മുഖ്യപ്രഭാഷണം നടത്തി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി ആമുഖാവതരണം നടത്തി.

# ജൈവ മാലിന്യ സംസ്കരണം - ഹരിത കർമസേനക്ക് പരിശീലനം

ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളെകുറിച്ചും അവയുടെ ഉപയോഗം, പരിചരണം, തകരാറുകൾ, പരിഹരിക്കൽ എന്നിവയെകുറിച്ച് മനസിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്കിലെ 8 പഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്കും



സെക്രട്ടറിമാർക്കും ഹരിതകേരളം മിഷന്റെയും സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ അർദ്ധദിന പരിശീലനം സംഘടിപ്പിച്ചു. കുന്നമംഗലം ബ്ലോക്കിലെ പെരുവയൽ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ ഓഫീസിൽ വെച്ച് നടത്തിയ പരിശീലനത്തിൽ SEUF ജില്ലാ കോർഡിനേറ്റർ രാധാകൃഷ്ണൻ ജൈവ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ആയ പൈപ്പ് കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, ബയോബിൻ, റിംഗ് കമ്പോസ്റ്റ്, മൺകല കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, തുമ്പൂർമുഴി മോഡൽ യൂണിറ്റ് എന്നീ സംവിധാനങ്ങളെ കുറിച്ച് വിശദമായി പരിശീലനം നൽകി. 8 പഞ്ചായത്തുകളിൽ നിന്നും ഹരിത കർമസേന അംഗങ്ങൾ പങ്കെടുത്തു.

# പിലിക്കോട് കാലിക്കടവിൽ 'വഴിയിടം' വിശ്രമ കേന്ദ്രം

കാസർഗോഡ് ജില്ലയിൽ പിലിക്കോട് ഗ്രാമപഞ്ചായത്തിലെ കാലിക്കടവ് നിർമ്മിച്ച വഴിയിട വിശ്രമ കേന്ദ്രം (Take A Break) നാടിനു സമർപ്പിച്ചു. ശുചിത്വ മാലിന്യ പരിപാലന സംവിധാനം ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് പൊതുശുചിത്വ സമുച്ചയം നിർമ്മിച്ചത്. കാലിക്കടവിലെത്തുന്ന പൊതുജനങ്ങൾ - യാത്രക്കാർ, വിവിധ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾ - ജീവനക്കാർ, വിദ്യാർത്ഥികൾ - സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് ടേക്ക് എ ബ്രേക്ക് ഉപകാരപ്പെടും. നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് മാധവൻ



മണിയറ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.പി. പ്രസന്നകുമാരി അധ്യക്ഷത വഹിച്ചു.

# 'ഹരിതം ആരോഗ്യം' ആരോഗ്യ പരിശോധന നടത്തി

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെയും, ആർദ്രം മിഷന്റെയും സംയുക്താഭിമുഖ്യത്തിലാണ് ഹരിതം ആരോഗ്യം ക്യാമ്പയിൻ നടപ്പിലാക്കുന്നത്. വയനാട് ജില്ലയിലെ മുഴുവൻ ഹരിത കർമസേനാംഗങ്ങൾക്കും ആരോഗ്യ പരിശോധന നടത്തുകയാണ് ക്യാമ്പയിന്റെ ലക്ഷ്യം. ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വാതിൽപ്പടി സേവനം നൽകുന്ന ഹരിത കർമസേനാംഗങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാകുകയാണ് ക്യാമ്പയിന്റെ ലക്ഷ്യം. ബി.എം.ഐ., ബി.പി, പ്രമേഹം, രക്ത ഗ്രൂപ്പ് നിർണയം, ഹീമോഗ്ലോബിൻ അളവും ക്യാമ്പിൽ പരിശോധിച്ചു. കാമ്പയിന്റെ ഭാഗമായി എടവക, വൈത്തിരി, പൊഴുതന, മുട്ടിൽ, മേപ്പാടി, മൂപ്പൈനാട്, വെങ്ങപ്പള്ളി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിശോധന നടത്തി.

## പുല്ലറ്റയിൽ 'പച്ചത്തുരുത്ത്'



മലപ്പുറം ജില്ലയിലെ കാഞ്ഞിരം എൽ.പി. സ്കൂളിൽ പച്ചതുരുത്ത് പദ്ധതിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം പി. ഉബൈദുല്ല എം.എൽ.എ. ആദ്യത്തെ തൈ നട്ട് ഉദ്ഘാടനം ചെയ്തു. മാലിന്യമുക്ത പ്രവർത്തനവും, കാർബൺ ന്യൂട്രൽ ഫ്രീ പ്രവർത്തനവും ജനങ്ങൾ ഏറ്റെടുത്തു നടത്തേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞുവെന്നും പുല്പറ്റ പഞ്ചായത്ത് ഇത്തരം പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നതിൽ അഭിമാനം തോന്നുന്നു എന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഷൗക്കത്ത് വളച്ചട്ടിയിൽ അധ്യക്ഷത വഹിച്ചു. ആറ് സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് നിർമിക്കുന്നത്.

## ഉറവിട മാലിന്യ സംസ്കരണം - തൃക്കരിപ്പൂരിൽ ഊർജ്ജിതം



കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ ഉറവിട ജൈവമാലിന്യ സംസ്കരണത്തിനായി ഇതുവരെയായി 3600 പേർക്ക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ വിതരണം ചെയ്തു. മുൻവർഷങ്ങളിൽ 1800 എണ്ണവും ഈ വർഷം 1600 എണ്ണവും ഉൾപ്പടെ ആകെ 3400 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളും 210 ബൊക്കാഷി ബക്കറ്റ് യൂണിറ്റുകളുമാണ് ഇതുവരെ നൽകിയത്. 2023-24 വാർഷിക പദ്ധതിയിലുൾപ്പെട്ട 1600 ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളുടെ വിതരണോദ്ഘാടനം തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. ബാവ നിർവഹിച്ചു. ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി അദ്ധ്യക്ഷൻ ഷംസുദ്ദീൻ ആയിറ്റി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

## വാഴൂർ ഗ്രാമപഞ്ചായത്തിനെ കാർബൺ ന്യൂട്രലാക്കാൻ കുട്ടി കർഷകരും




ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെയും കൃഷി ഭവന്റെയും സഹകരണത്തോടെ പഞ്ചായത്തിലെ എസ്.വി.ആർ.വി. എൻ.എസ്.എസ്. സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റ് വിദ്യാർത്ഥികൾ ഉത്പാദിപ്പിച്ച പച്ചക്കറി തൈകളുടെ വിതരണ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് വി.പി. റെജി നിർവഹിച്ചു. നവകേരളം കർമപദ്ധതിയുടെ ഭാഗമായി നടത്തുന്ന 'നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ' പദ്ധതിയുടെ പഞ്ചായത്ത്തല പ്രവർത്തനങ്ങളുടെ ഭാഗമായാണ് പച്ചക്കറി തൈ ഉത്പാദനം ആരംഭിച്ചിരിക്കുന്നത്. മുളപ്പിച്ച തൈകൾ പഞ്ചായത്തിലെ അംഗൻവാടികളിലും, സ്കൂളിലും വിതരണം നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ആദ്യ പടിയായി വാഴൂർ എസ്.വി.ആർ. എൻ.എസ്.എസ്. കോളേജിൽ ഹരിത ക്യാമ്പസിന്റെ ഭാഗമായി ആരംഭിയ്ക്കുന്ന കൃഷിയ്ക്കായി തൈകൾ കൈമാറി. വാഴൂർ കോളേജിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ കെ.ജി. ജയകുമാർ, വോളന്റിയേഴ്സ് എന്നിവർ പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും തൈകൾ ഏറ്റുവാങ്ങി.

## തൃശ്ശൂർ ജില്ലയിൽ എല്ലാ വിദ്യാലയങ്ങളും ഹരിത വിദ്യാലയം

നവകേരളം വൃത്തിയുള്ള കേരളം എന്ന സന്ദേശം വിദ്യാർത്ഥികളിലൂടെ സമൂഹത്തിലേക്ക് എത്തിക്കുന്നതിന് തൃശൂർ ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളെയും ഹരിത വിദ്യാലയമാക്കി മാറ്റുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പൊതുശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഊർജ്ജ സംരക്ഷണം, കൃഷി-പരിസ്ഥിതി സംരക്ഷണം എന്നിവയിലെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ പെരിഞ്ഞനം ഗവൺമെന്റ് യു.പി. സ്കൂളിനെ ഹരിത വിദ്യാലയമായി തെരഞ്ഞെടുത്തു. ഹരിത വിദ്യാലയ പ്രഖ്യാപനവും, സർട്ടിഫിക്കറ്റ് വിതരണവും പെരിഞ്ഞനം എം.എൽ.എ. ഇ.ടി. ടൈസൺ മാസ്റ്റർ നിർവഹിച്ചു. ചടങ്ങിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിനീത മോഹൻദാസ് അദ്ധ്യക്ഷത വഹിച്ചു.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in